# 1
# വിലപിക്കുന്ന വിധവ
## (1:1 - 11)

വിലാപങ്ങൾ 1:1–11 ൽ വിവരിച്ച യെരുശലേമിനെ നിങ്ങളുടെ മനസിൽ കൊുവരിക, അതായത് വിലപിക്കുന്ന ഒരു വിധവ. നീ രു വർഷം ശത്രു രാജ്യം ആ പട്ടണത്തിനു ചുറ്റും പാളയമടിച്ചിരുന്നു. ആർക്കും പട്ടണത്തിനകത്തേക്കു പ്രവേശിക്കുവാനോ, പുറത്തുപോകുവാനോ കഴിഞ്ഞിരുന്നില്ല. ആഹാരപദാർത്ഥങ്ങളെല്ലാം ഭക്ഷിച്ചുതീർന്നു. അവളുടെ മക്കളെല്ലാം വിശന്നിരിക്കുന്നു; അവളും വിശന്നിരിക്കുന്നു. അവൾക്ക് കുളിക്കുവാൻ വേത്ര വെള്ളമില്ല; കഷ്ടിച്ചു കുടിക്കുവാൻ മാത്രം വെള്ളമു്. കത്തിക്കാളുന്ന വയറുമായിട്ടായിരുന്നു അവൾ കിടക്കയിലേക്ക് പോയിരുന്നത്. അവൾ തിരിഞ്ഞും മറിഞ്ഞും കിടന്ന്, ഓരോ രാത്രിയും കഴിച്ചുകൂട്ടി.

ആ നിദ്രാവിഹീനമായ രാത്രികളിലൊന്നിൽ, അസാധാരണമായ ഒരു ശബ്ദം അവളുടെ ശ്രദ്ധയെ ആകർഷിച്ചു. അല്പം ദൂരെനിന്നു ഒരു കൂട്ടം ആരവമായിരുന്നു. ആ ബഹളം വർദ്ധിച്ചപ്പോൾ, അവൾ കിടക്കയിൽ എഴുന്നേറ്റിരുന്നു ശ്രദ്ധിച്ചു. ആ ശബ്ദം തീർച്ചയായും ആളുകളുടേതായിരുന്നു, പക്ഷെ അവർ സന്തോഷിക്കുകയായിരുന്നില്ല. അവർ അലമുറയിട്ടു കരയുന്ന ശബ്ദമായിരുന്നു അത്.

എന്താണ് സംഭവിക്കുന്നതെന്നറിയുവാൻ അവൾ ചെവികൂർപ്പിച്ചിരുന്നു. പെട്ടെന്ന് ഒരു പുരുഷന്റെ ഉച്ചത്തിലുള്ള കല്പന കേട്ടു. വീഥികളിൽ ബൂട്ടുകൾ ചവിട്ടുന്ന ഒച്ച കൂടിക്കൂടി വരുന്നു, ഓരോ കതകുകളിലും മുട്ടലും കേട്ടുകൊിരിക്കുന്നു. പെട്ടെന്ന് ആ സംഘം അവളുടെ വാതിൽക്കൽ എത്തുകയും, അവളുടെ വാതിലിൽ മുട്ടുകയും ചെയ്തു.

അപ്പോഴേക്കും അവളുടെ കുട്ടികൾ എഴുന്നേറ്റു, ശാന്തമായി പേടിച്ചിരുന്നു. വിറയലോടെ അവൾ വാതിൽക്കലേക്ക് പോയി. ഒരു നിമിഷം അവൾ വാതിൽ തുറക്കുവാൻ മടിച്ചപ്പോൾ, മറ്റൊരുവശത്ത് നിന്ന് അത്യുച്ചത്തിൽ തട്ടലുായി.വിറെക്കുന്ന കൈകളോടെ കഷ്ടിച്ച് അവൾ സാക്ഷ നീക്കി. അവസാനം അവൾ വാതിൽക്കൽ എത്തിയപ്പോൾ, കോപിഷ്ഠനായ ഒരു പടയാളി രക്തം ഒലിക്കുന്ന വാളും പിടിച്ചു നിൽക്കുന്നതു കു. അവൻ അവളെ പിടിച്ച് വലിച്ച് വീഥിയിലേക്ക് തള്ളിമാറ്റി. പിന്നെ മറ്റുള്ളവരെ തേടി വീട്ടിനുള്ളിലേക്ക് കടന്നു.

ആ വിധവയുടെ നീറുന്ന ഹൃദയം നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുോ? ബാബേലിനെതിരെ മൽസരിക്കുന്നവരുടെ കൂട്ടത്തിലുള്ളവനെന്ന കുറ്റം ചുമത്തി അവളുടെ ഭർത്താവിനെ അവർ കൊന്നിരുന്നു. മക്കൾ മാത്രമായിരുന്നു അവളുടെ ഇനിയുള്ള പ്രതീക്ഷ. മൂത്ത മകൾ വിടർന്ന് യുവതിയാകുവാൻ തുടങ്ങുന്നു. അവളുടെ മറ്റു മക്കൾ തീരെ ചെറുതായിരുന്നു, ഇളയ കുട്ടി മുലകുടിക്കുന്ന പ്രായമായിരുന്നു. തന്റെ കുട്ടികൾക്ക് എന്താണ് സംഭവിക്കുവാൻ പോകുന്നതെന്നറിയുവാൻ അവൾ വീട്ടിലേക്ക് കടക്കുവാൻ ആഗ്രഹിച്ചു. അവളെ കൂടാതെ അവളുടെ ശിശു നിസഹായമായ അവസ്ഥ

യിലായിരുന്നു! എങ്ങനെയായാലും, അവൾക്ക് ചലിക്കുവാൻ കഴിഞ്ഞില്ല; അവൾ മറ്റു നൂറുകണക്കിനു തടവുകാരുമായി ബന്ധിക്കപ്പെട്ടുകഴിഞ്ഞു. പ്രവാസികളിൽ ചിലർ മതിയായ വസ്ത്രം ധരിച്ചിരുന്നില്ല, മിക്കവാറും എല്ലാവരും നഗ്നപാദരുമായിരുന്നു.

കന്നുകാലികളെ വഴിയിൽകൂടെ കൊറുപോകുന്നതുപോലെ ആയിരുന്നു ആളുകളെ പൊടിനിറഞ്ഞ വീഥികളിൽ കൂടെ കൊറുപോയത്. കൂട്ടംചേർന്ന് നടക്കുവാൻ കഴിവില്ലാത്തവരെ പടയാളിയുടെ വാൾമുനകൊറു കുത്തുകയോ ചാട്ടവാറുകൊറ് അടിക്കുകയോ ചെയ്തിരുന്നു. പെട്ടെന്ന് വിധവ ഒരു അലമുറ കേട്ടു, അത് അവളുടെ തൊയിൽനിന്നായിരുന്നു. അവളുടെ വേദന വിവരിക്കുവാനോ, പ്രകടിപ്പിക്കുവാനോ കഴിയാത്തവണ്ണം, ആ കരച്ചിൽ ആത്മാവിന്റെ ഉള്ളിൽനിന്നായിരുന്നു.

വീഥികളിലെ മുനയുള്ള പാറകളിൽ നഗ്നമായ പാദങ്ങൾ കോറ് മുറിഞ്ഞ് രക്തം ഒലിച്ചിരുന്നു. അവൾ കൂട്ടത്തിനൊത്ത് വീഥികളിൽ കൂടെ നടന്ന്, നഗരവാതിൽ കടന്നു വടക്കോട്ട് നീങ്ങി. അവൾ അങ്ങനെ മണിക്കൂറുകൾ നടന്നു. അവളുടെ വലത്ത്, ചക്രവാളത്തിൽ സൂര്യൻ ഒരു തീപ്പന്തുപോലെ പൊങ്ങിവരുന്നത് അവൾക്ക് കാണാമായിരുന്നു. അവളുടെ പിന്നിൽ ഒരു തീജ്വാല ഉായിരുന്നു. അവളുടെ നഗരവും – വീടും – തീ കത്തിക്കൊറിരിക്കുന്നു. അവളുടെ കുഞ്ഞ്! അവളുടെ മറ്റുമക്കൾ! അവർ എവിടെയായിരിക്കും? തീയിടുന്നതിന് മുൻപ് അവർ പുറത്തുകടന്നുകാണുമോ? അവർ ആൾക്കൂട്ടത്തിൽ എവിടെയെങ്കിലും കാണുമോ? അവൾക്ക് തിരിച്ച് പോയി അതെല്ലാം കാണണമെന്നുായിരുന്നുവെങ്കിലും അവൾക്ക് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല; താൻ ഇനി ഒരിക്കലും സ്വതന്ത്രയല്ല എന്ന തിരിച്ചറിവിൽ അവളുടെ ചിന്ത മുങ്ങിപ്പോയി; അവൾ അപരിഷ്കൃത ജാതികളായ ബാബേലിന്റെ അടിമയായിതീർന്നിരിക്കുന്നു.

വെളിച്ചം പരന്നപ്പോൾ, അവൾക്ക് പരിചയമുള്ള മുഖങ്ങൾ കാണുവാൻ അവൾ ചുറ്റും നോക്കി. ആരെയും അവൾക്ക് തിരിച്ചറിയുവാൻ കഴിയാതിരുന്നത് അവളുടെ ദുഃഖത്തിന്റെ തീവ്രത വെളിപ്പെടുത്തുന്നു. ഉപദ്രവങ്ങളേറ്റ് അലമുറയിട്ടു കരയുന്നതുനിമിത്തം ഒന്നും കേൾക്കുവാൻ കഴിയാത്ത മന്ദതയിലായി. പല നാളുകളായി അല്പം വിശ്രമവും തന്റെ കുട്ടികളെ കുറിച്ചുള്ള എന്തെങ്കിലും വിവരവും ലഭിക്കുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്നു. നീതും, പ്രയാസമുള്ളതുമായ വഴി ഇനിയും കിടക്കുന്നു. മലകളും, നദികളും, മരുഭൂമികളും കടന്നു എണ്ണൂറ് മൈൽ അകലെയാണ് അവളുടെ പുതിയ ഭവനം. കാൽനടയായി പോകണം – അതായത്, അത്രത്തോളം യാത്ര ചെയ്യുവാനുള്ള ശക്തി അവശേഷിക്കുന്നുങ്കെിൽ.

യിരെമ്യാവ് ഉപയോഗിച്ച പ്രവാസി വിധവ യെരൂശലേമിന്റെ പ്രതീകമായിരുന്നു. ഒരിക്കൽ ദൈവത്തിന്റെ നഗരമായി അറിയപ്പെട്ട് പട്ടണത്തിന്റെ ഈ ദുർഘടാവസ്ഥയെ ഇതിനേക്കാൾ നന്നായി എങ്ങനെ വരച്ചുകാണിക്കും? ദൈവജനത്തിന്, അവരുടെ നഗരത്തിന്, അവരുടെ ദേശത്തിന് സംഭവിച്ചത് ഇതിനേക്കാൾ നന്നായി എങ്ങനെ വിവരിക്കുവാൻ കഴിയും? യിരെമ്യാവ് തന്റെ പേന എടുത്ത് താഴെ കൊടുത്തിരിക്കുന്നത് എഴുതി:

> അയ്യോ ജനപൂർണ്ണയായിരുന്ന നഗരം ഏകാന്തയായിരിക്കുന്നതെങ്ങനെ!ജാതികളിൽ മഹതിയായിരുന്നവൾ വിധവയെപോലെ ആയതെ

ങ്ങനെ! സംസ്ഥാനങ്ങളുടെ നായകിയായവൾ ഊഴിയവേലക്കാരത്തിയെപോലെ ആയതെങ്ങനെ! രാത്രിയിൽ അവൾ കരഞ്ഞുകൊിരിക്കുന്നു; അവളുടെ കവിൾത്തടങ്ങളിൽ കണ്ണുനീർ കാണുന്നു. അവളുടെ സകല പ്രിയന്മാരിലും അവളെ ആശ്വസിപ്പിപ്പാൻ ആരുമില്ല. അവളുടെ സ്നേഹിതന്മാരൊക്കെയും ശത്രുക്കളായി അവൾക്ക് ദ്രോഹം ചെയ്തിരിക്കുന്നു; കഷ്ടതയും കഠിനദാസ്യവും നിമിത്തം യെഹൂദാ പ്രവാസത്തിലേക്ക് പോകേിവന്നു. അവൾ ജാതികളുടെ ഇടയിൽ പാർക്കുന്നു, വിശ്രാമം കത്തുന്നുമില്ല. അവളെ പിന്തുടരുന്നവരൊക്കെയും ഇടുക്കിടങ്ങളിൽവെച്ച് അവളെ എത്തിപ്പിടിക്കുന്നു; ഉൽസവത്തിന് ആരും വരായ്കകൊ് സീയോനിലേക്കുള്ള വഴികൾ ദുഃഖിക്കുന്നു. അവളുടെ വാതിലുകളൊക്കെയും ശൂന്യമായി, പുരോഹിതന്മാർ നെടുവീർപ്പിടുന്നു. അവളുടെ കന്യകമാർ ഖേദിക്കുന്നു; അവൾക്കും വ്യസനം പിടിച്ചിരിക്കുന്നു. അവളുടെ അതിക്രമബാഹുല്യം നിമിത്തം യഹോവ അവൾക്ക് സങ്കടം വരുത്തിയതിനാൽ അവളുടെ വൈരികൾക്ക് പ്രാധാന്യം ലഭിച്ചു; അവളുടെ ശത്രുക്കൾ ശുഭമായിരിക്കുന്നു. അവളുടെ കുഞ്ഞുങ്ങൾ വൈരിയുടെ മുമ്പായി പ്രവാസത്തിലേക്ക് പോകേിവന്നു. സീയോൻ പുത്രിയുടെ മഹത്വമൊക്കെയും അവളെ വിട്ടുപോയി. അവളൂടെ പ്രഭുക്കന്മാർ മേച്ചൽ കാണാത്ത മാനുകളെപോലെ ആയി. പിന്തുടരുന്നവന്റെ മുമ്പിൽ അവൾ ശക്തിയില്ലാതെ നടക്കുന്നു. കഷ്ടാരിഷ്ടതകളുടെ കാലത്ത് യെരുശലേം പത്തെ മനോഹരവസ്തുക്കളെയൊക്കെയും ഓർക്കുന്നു; സഹായിപ്പാൻ ആരുമില്ലാതെ അവളുടെ ജനം വൈരിയുടെ കയ്യിൽ അകപ്പെട്ടപ്പോൾ വൈരികൾ അവളെ നോക്കി അവളുടെ നാശത്തെ കുറിച്ച് ചിരിച്ചു. യെരുശലേം കഠിനപാപം ചെയ്തിരിക്കകൊ്, കഠിനയായിരിക്കുന്നു. അവളെ ബഹുമാനിച്ചവരെല്ലാം അവളുടെ നഗ്നത കിട്ട് അവളെ നിന്ദിക്കുന്നു; അവളോ നെടുവീർപ്പിട്ടുകൊ് പിന്നോക്കം തിരിയുന്നു. അവളുടെ മലിനത ഉടുപ്പിന്റെ വിളുമ്പിൽ കാണുന്നു. അവൾ ഭാവികാലം ഓർത്തില്ല. അവൾ അതിശയമാംവണ്ണം വീണുപോയി. അവളെ ആശ്വസിപ്പിപ്പാൻ ആരുമില്ല. “യഹോവേ, ശത്രു വമ്പു പറയുന്നു, എന്റെ സങ്കടം നോക്കേണമേ!” അവളുടെ സകല മനോഹരവസ്തുക്കളിന്മേലും വൈരി കൈവെച്ചിരിക്കുന്നു. നിന്റെ സഭയിൽ പ്രവേശിക്കരുതെന്ന് നീ കല്പിച്ച ജാതികൾ അവളുടെ വിശുദ്ധമന്ദിരത്തിൽ കടന്നത് അവൾ കുവല്ലൊ. അവളുടെസർവ്വജനവും നെടുവീർപ്പിട്ടുകൊ് ആഹാരം തിരയുന്നു, വിശപ്പടക്കുവാൻ ആഹാരത്തിനുവേി അവർ തങ്ങളുടെ മനോഹരവസ്തുക്കളെ കൊടുത്തുകളയുന്നു. യഹോവേ, ഞാൻ നിന്ദിതയായിരിക്കുന്നത് കടാക്ഷിക്കേണമേ ... (1:1–11).

നീ ബാബേൽ യാത്രയിൽനിന്ന് യിരെമ്യാവിനെ ഒഴിവാക്കിയിരുന്നു, പക്ഷെ, അവന്റെ പരിചയക്കാരിൽ മിക്കപേരെയും ഒഴിവാക്കിയില്ല. യെരുശലേമിൽ തന്റെ പ്രിയപ്പെട്ടവരുടെ വീടുകളിൽനിന്നു പിടിച്ചുകൊുപോയവരിലും, തീക്ക്-ഇരയാക്കിയവരിലും അവശേഷിച്ചവരുടെ ദുഃഖത്തേക്കാൾ ഒട്ടും കുറവായിരുന്നില്ല യിരെമ്യാവിനുായത്. അവൻ കരഞ്ഞുകൊ് ഒരിക്കൽ യെരുശലേം എന്തായിരുന്നു എന്നും പാപം ചെയ്തപ്പോൾ എന്തായി തീർന്നു എന്നും ഓർത്ത് തന്റെ വിലാപങ്ങൾ എഴുതി.

## **അവൾ എന്തായിരുന്നു**

യെരുശലേം ഒരിക്കൽ എന്തായിരുന്നു എന്നു വിലാപങ്ങൾ 1 ന്റെ ആദ്യത്തെ ചില വാക്യങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു. അവളുടെ ആളുകളുടെ ദുർഘടാവസ്ഥ, അവരുടെ പിൽക്കാലത്തെ കുറിച്ചുള്ള ഓർമ്മ വർദ്ധിക്കുമാറാക്കി. ഒരിക്കൽ പട്ടണം നിറയെ ആളുകളായിരുന്നു, ദേശങ്ങളിൽവെച്ച് വലിയ ദേശമായിരുന്നു, അവിടത്തെ പ്രഭുക്കന്മാർ മറ്റു നാടുകളിലേതിൽനിന്നും മഹാന്മാരുമായിരുന്നു (1:1). പെരുന്നാളുകൾ ആഘോഷിക്കുവാൻ വരുന്ന ആളുകളെക്കൊ് യെരുശലേമിലേക്കുള്ള വീഥികളെല്ലാം നിറഞ്ഞിരുന്നു. നഗരവാതിലുകളെല്ലാം വരികയും പോകുകയും ചെയ്യുന്ന ആളുകളുടെ ബാഹൂല്യമായിരുന്നു (1:4). കഴിഞ്ഞ കാലത്ത് അവൾ അനുഭവിച്ച സുഖവും മനോഹാരിതയും യിരെമ്യാവ് ഓർമ്മിച്ചു. അവൻ അവളെ വിളിച്ചത് "സിയോൻ പുത്രി" എന്നാണ് (1:6, 7).

ഒരു പഴഞ്ചൊല്ല് പറയുന്നത്, "വെള്ളം വറ്റുന്നതുവരെ വെള്ളത്തെ അനുമോദിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിരുന്നില്ല." വ്യത്യാസങ്ങളാൽ പല പാഠങ്ങളും പഠിക്കുവാൻ കഴിഞ്ഞിട്ടു്. നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളെ നാം പലപ്പോഴും അശ്രദ്ധമായി കണക്കാക്കും. അത് നമ്മിൽ നിന്നു എടുത്തുകളയുകയോ നഷ്ടമാകുകയോ ചെയ്യുമ്പോഴേ നാം അതിനെ കുറിച്ച് ചിന്തിക്കുകയുള്ളു. അത്തരത്തിലുള്ള ആളുകളായിരുന്നു യെരുശലേമിലുായിരുന്നത്. പഴയകാലത്തെ കുറിച്ചുള്ള ഓർമ്മ അവരുടെ അത്യാപത്തിന്റെ ആഴം വർദ്ധിപ്പിച്ചു. അശ്രദ്ധ ജീവിതത്തിന്റെ അനന്തരഫലങ്ങളിൽ ഏറ്റുവും ദുഃഖകരം പഴയ ഓർമ്മകളാണ്. മുൻപുായിരുന്നതിനെ കുറിച്ചുള്ള ഓർമ്മ ഏതൊരു നഷ്ടത്തെയും അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കും.

## **അവൾ എന്തായി തീർന്നു**

സാമ്പത്തിക മാന്ദ്യവും, സാമൂഹ്യ ഞെരുക്കലും അവർക്കുള്ളിൽ തന്നെ വേത്രയുായിരുന്നു. യെഹൂദ്യ മുൻപ് ക്ഷാമത്താൽ ക്ലേശം അനുഭവിച്ചിട്ടു്, പക്ഷെ ഇതിന് മുൻപ് വേരോടെ ഒരു ശത്രുരാജ്യം പിഴുതെടുത്ത് പ്രവാസികളായി സ്വദേശത്തുനിന്നു കൊുപോയിട്ടില്ലായിരുന്നു. മുൻപൊന്നും ഇതുപോലെയുള്ള കവർച്ചയും പിടിച്ചുപറിയുമുായിട്ടില്ല. ഇതുപോലെ പൂർണ്ണമായും നിസഹായമായും വിലയേറിയതും വിശുദ്ധമായതും എല്ലാം നഷ്ടമായ ഒരു സാഹചര്യമുായിട്ടില്ല.

*അവൾക്ക് സഹായിയോ ആശ്വസിപ്പിക്കുന്നവനോ ഇല്ലാതായി.* യെഹൂദ്യയുടെ അവിശ്വസനീയമായ പ്രത്യാശാരഹിതമായ വിരമിക്കൽ നിരാശ അദ്ധ്യായം 1-ൽ യിരെമ്യാവ് നാല് പ്രാവശ്യം പറയുന്നു്. "അവളെ ആശ്വസിപ്പിപ്പാൻ ആരുമില്ല" (1:2, 9, 17, 21). മറ്റു സമയങ്ങളിൽ അവൻ പറഞ്ഞു, "അവൾ ആശ്വാസം കത്തെിയില്ല" (1:3). "ആരും അവളെ സഹായിച്ചില്ല" (1:7). സഹായവും, പ്രത്യാശയും, ആശ്വാസവും ഇല്ലാതായ യെഹൂദ്യർ രാത്രിയിൽ കരഞ്ഞതിൽ ഒരതിശയവുമില്ല (1:2). ഒരു വിധവയുടെ ജീവിതത്തിലെ ഏറ്റവും പ്രയാസമുള്ള സമയമായിരിക്കും ഏകാന്തത. രാത്രി വരുന്നതു അവൾ ഭയപ്പെട്ടിരുന്നു. മറ്റെല്ലാവരും ഉറങ്ങുമ്പോൾ, അവൾ നിദ്രാവിഹീനയായിരിക്കും.

*അവളുടെ മുൻസ്നേഹിതന്മാർ അവളുടെ ശത്രുക്കളായി* (1:2). "അവളുടെ സകലപ്രിയന്മാരിലും അവളെ ആശ്വസിപ്പിപ്പാൻ ആരുമില്ല." യെഹൂദ്യയുടെ

പ്രതിയോഗികൾ അവളുടെ യജമാനന്മാരായിതീർന്നു, അവളുടെ ശത്രുക്കൾ അവളേക്കാൾ പ്രാധാന്യമുള്ളവരായി (1:5). അവളുടെ "മുൻകാലപ്രിയരായിരുന്ന" ഏദോമ്യരും മിസ്രയീമ്യരും അവാസ്തവസഖ്യകക്ഷികളായിതീർന്നു. ബാബേലിന്റെ ഞെരുക്കൽ, അതിജീവിക്കുവാൻ അവർ വന്ന് അവളെ സഹായിക്കുമെന്ന് കരുതിയിരുന്നു. അവർക്ക് ഇഷ്ടമാകുമെന്ന് വിചാരിച്ച് അവൾ അവരുടെ ദേവന്മാരെ ആദരിക്കുകയും ചെയ്തിരുന്നു. വാസ്തവത്തിൽ അവൾക്ക് അവരുടെ സഹായം ആവശ്യമായി വന്നപ്പോൾ സഹായിച്ചില്ലെന്നു മാത്രമല്ല, അവർ അവളെ "നാശത്തിൽ നിന്ദിക്കയും" ചെയ്തു (1:7). ആളുകൾ തങ്ങളുടെ ആഹാരത്തിനായി പോലും വില്ക്കാതിരുന്ന അവരുടെ വിലയേറിയ വസ്തുക്കൾ അവളുടെ സ്നേഹിതന്മാരായിരുന്നവർ എടുത്തുകൊുപോയി (1:10, 11). തരംതാഴ്ത്തലിന്റെ ഉച്ചസ്ഥായിയിലെത്തുമ്പോൾ നിങ്ങളുടെ സ്നേഹിതന്മാരും എതിരാകും.

*അവൾ ഒരു നിർബ്ബന്ധ ജോലിക്കാരിയായി* (1:1). അവൾ "കഷ്ടതയും കഠിനദാസ്യവും" അനുഭവിച്ചു (1:3). "അവളുടെ കുഞ്ഞുങ്ങൾ വൈരിയുടെ മുമ്പായി പ്രവാസത്തിലേക്ക് പോകേിവന്നു" (1:5). "അവൾ ജാതികളുടെ ഇടയിൽ പാർക്കുന്നു; വിശ്രാമം കത്തെുന്നതുമില്ല" (1:3). അവൾ ഇപ്പോൾ ബാബേലിന്റെ ഒരു ചെറിയ വസ്തുവോ അല്ലെങ്കിൽ മൃഗമോ പോലെയായി. അവൾ ഇപ്പോൾ അവളെ സ്വന്തമാക്കിയ ദേശത്തിനാണ് അവളുടെ വില കണക്കാക്കുവാനുള്ള അവകാശം. മുൻപ് അവൾക്കുവേി മറ്റുള്ളവർ ചെയ്തിരുന്ന തരം താഴ്ന്ന ജോലികൾ ഇപ്പോൾ അവളെക്കൊ് നിർബ്ബന്ധമായി ചെയ്യിക്കുന്ന രീതിയിൽ അവളുടെ സ്വ-ബഹുമാനം എടുത്തുകളഞ്ഞിരിക്കുന്നു.

*വിവരിക്കുവാൻ കഴിയാത്തവിധം അവൾ ലജ്ജിതയായിരിക്കുന്നു* (1:8, 9). അവളുടെ നഗ്നത വെളിപ്പെടുത്തി. ഒരു പരസംഗക്കാരിയെപ്പോലെ അവൾ ശിക്ഷിക്കപ്പെട്ടിരിക്കുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെടുന്ന സ്ത്രീയുടെ പാവാടയിൽ കാണുന്ന കറയാണ് അവളെ ശിക്ഷിക്കുവാനുള്ള തെളിവ്. അവൾ മുഖം തിരിച്ചുകളഞ്ഞതിൽ അതിശയിക്കാനില്ല. അവളെ ആരും തിരിച്ചറിയരുതെന്ന് കരുതി അവൾ മുഖം ഒളിച്ചുവെക്കത്തക്കവണ്ണം വലുതായിരുന്നു അവളുടെ ലജ്ജ. അവളുടെ തനി സ്വഭാവം എല്ലാവരും കാണേതിന്ന് പുറത്തുകൊുവന്നു. അവൾക്ക് ഇനി ദൈവത്തിന്റെ ദേശം എന്ന് നടിക്കുവാൻ സാധ്യമല്ലാതായി. അവൾ തന്റെ ദൈവത്തോട് അവിശ്വസ്തയായി എന്ന് എല്ലാവരും അറിഞ്ഞു. ഭർത്താവിനോട് അവിശ്വസ്തത കാണിച്ച ഒരു സ്ത്രീയോടെന്നപോലെ അവളോട് എല്ലാവരും പെരുമാറുവാൻ തുടങ്ങി.

*അവളുടെ വാഗ്ദാനമായിരുന്ന യുവനേതാക്കളെല്ലാം ഓടിപ്പോയി* (1:6). ഇത് രാജാവായിരുന്ന സിദെക്കിയാവും, അവന്റെ പുത്രന്മാരും ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുകയും നെബൂഖെദ്നേസറിന്റെ സൈന്യം അവരെ പിടിക്കുകയും ചെയ്തതിനെ സൂചിപ്പിക്കുന്നു (2 രാജാക്കന്മാർ 25:4-7). മേച്ചലില്ലാത്ത മാനുകളെ പോലെ ആയി എന്നാണ് അവരെ വിവരിച്ചത്. അക്ഷരികമായി, അവർക്ക് ആഹാരമില്ലാതായപ്പോൾ, പട്ടിണിയിൽനിന്ന് ഓടി രക്ഷപ്പെടുകയായിരുന്നു. ആഹാരമില്ലാതെ അശക്തരായിരുന്ന അവരെ, ഓടിച്ചുപിടിക്കുക എളുപ്പമായിരുന്നു.

ബാബേലിലേക്ക് പ്രവാസികളായി പിടിച്ചുകൊുപോയി രാജധാനിയിൽ ശുശ്രൂഷ ചെയ്യുന്നതിനു നിയോഗിക്കപ്പെട്ട പ്രഗത്ഭരായ അസംഖ്യം യുവാക്കളെയും ഉദ്ദേശിച്ചായിരിക്കാം ആ പരാമർശങ്ങൾ. അവരിൽ പെട്ടവരായിരുന്നു

ദാനിയേലും, ഹനന്യാവും, മിശായേലും, അസര്യാവും (ദാനിയേൽ 1:1–7).

*അവളുടെ കന്യകമാരെയും ബാധിച്ചിരുന്നു* (1:4). ഏതൊരു ദേശത്തിന്റെയും ഭാവി അവിടത്തെ യുവാക്കളെ ആശ്രയിച്ചിരിക്കും. യെഹൂദ്യയിലെ യുവാക്കളെ പിടിച്ചുകൊുപോകയോ കൊല്ലുകയോ ചെയ്തു, ഭാവിയിൽ ഭാര്യമാരും അമ്മമാരും ആകേ അവിവാഹിതകളായ യുവതികളെ, പ്രവാസികളായി പിടിച്ച് ദുരുപയോഗം ചെയ്യേതിന്നും മലിനപ്പെടുത്തേതിനും കൊുപോയി.

---

**സന്ദേശം എന്താണ്?**

പാപത്തിൽനിന്ന് നിങ്ങൾക്ക് പശ്ചാത്താപം അനുഭവപ്പെട്ടിട്ടുോ? ഇല്ലെങ്കിൽ നിങ്ങൾ പശ്ചാത്തപിക്കും എന്നാണ് കരുതുന്നത്. ഒരുപക്ഷെ നിങ്ങൾക്ക് അത്തരം ഒരു അനുഭവം ഉാകിയിരിക്കാം – നിങ്ങളുടെ പാപത്തെ ഓർത്ത് വേദനിക്കുവാൻ. പരിശുദ്ധനായ ദൈവമുൻപാകെ പാപം ചെയ്തുപോയതിനെ ഓർത്ത് ദുഃഖിക്കുന്ന ഒരു വ്യക്തിയുടെ ചിത്രമാണ് യെഹൂദ്യയുടെ ചിത്രം നമ്മുടെ മനസിൽ തരുന്നത്. നിങ്ങൾ അതുപോലെയുള്ള സാഹചര്യത്തിലാണെങ്കിൽ, താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ നിങ്ങളെ സഹായിച്ചേക്കാം.

(1) *ദൈവമാഹാത്മ്യത്തെ സമ്മതിക്കയും അനുമോദിക്കയും ചെയ്യുക.* നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളുടെ ഉറവിടത്തെ നാം തിരിച്ചറിഞ്ഞില്ലെങ്കിൽ, നമുക്ക് അതിന് അർഹതയുന്നെ മട്ടിൽ അവകാശപ്പെടുവാൻ തുടങ്ങും. നാം സ്വാർത്ഥരാകുകയും ഒരിക്കലും മതി എന്ന മട്ടിലാകയുമില്ല. ജഡം എപ്പോഴും കൂടുതൽ കൂടുതൽ ആവശ്യപ്പെട്ടുകൊിരിക്കും.

പുക്കൾ വിടരുന്നതും, പക്ഷികളുടെ കളകളാരവവും, മന്ദമാരുതനും ആസ്വദിച്ചുകൊ് പാർക്കിൽ പോയി ഇരുന്ന ജോൺ എന്ന മനുഷ്യന്റെ കഥ പറഞ്ഞുകേട്ടിട്ടു്. ഒരു ദിവസം ജോൺ അവിടെ ബെഞ്ചിൽ ഇരിക്കുമ്പോൾ പെട്ടെന്ന്, നന്നായി-വസ്ത്രം ധരിച്ച ഒരാൾ വന്ന് കുറെ പണം കൊടുത്തിട്ട് ഒന്നുംമിാതെ തിരിഞ്ഞ് പൊയ്ക്കളഞ്ഞു. തീർച്ചയായും ജോൺ അമ്പരന്നു പോയി.

അടുത്ത ദിവസവും ജോൺ ബെഞ്ചിലിരുന്നപ്പോൾ, ആ രഹസ്യമനുഷ്യൻ ജോണിനെ സമീപിച്ചു, പണം കൊടുത്തിട്ട്, ഒന്നും സംസാരിക്കാതെ പൊയ്ക്കളഞ്ഞു. ആരായിരിക്കും ആ മനുഷ്യൻ, അയാളെന്തിനാണ് തനിക്ക് പണം തരുന്നത്? എന്നോർത്ത് ജോണിന് വിസ്മയമുായി.

ജോൺ അടുത്ത ദിവസവും പാർക്കിൽ പോയി ബെഞ്ചിലിരുന്നു. കഴിഞ്ഞരു ദിവസങ്ങളിലേതുപോലെ അന്നും ആ മനുഷ്യൻ ജോണിന്റെ അടുത്തെത്തിയപ്പോൾ, ജോൺ പണത്തിനായി ആകാംക്ഷയോടെ കൈ നീട്ടി; പക്ഷെ ആ മനുഷ്യൻ പണം ഒന്നും നൽകാതെ നടന്നു നീങ്ങി. അപ്പോൾ ജോൺ അയാളുടെ പുറകെ ഓടി ചെന്ന് ചോദിച്ചു, "എന്റെ പണം എവിടെ?" അതിന് ആ മനുഷ്യൻ പറഞ്ഞു, "ഞാൻ നിങ്ങൾക്ക് ഒന്നും വാഗ്ദാനം ചെയ്തിട്ടില്ലല്ലോ" എന്നു പറഞ്ഞിട്ട് അപ്രത്യക്ഷമായി.

ഒരു അപരിചിതൻ തനിക്ക് പണം തരുന്നതെന്തിനാണെന്ന് ജോൺ അതിശയിച്ചുവെങ്കിലും, ലഭിച്ച പണത്തിന് ജോൺ വാസ്തവത്തിൽ അനുമോദനം പ്രകടിപ്പിച്ചില്ല. അതു ലഭിക്കുവാൻ അവന് യാതൊരു യോഗ്യതയുമില്ലാതിരു

ന്നിട്ടും, അവനിൽ പെട്ടെന്ന് പ്രതീക്ഷ വർദ്ധിക്കുക മാത്രമാണുായത്. ദൈവത്തിൽനിന്നു ലഭിക്കുന്ന അനുഗ്രഹങ്ങളോടും നമുക്ക് ഇതേ സമീപനമാകാം. അവൻ നമുക്ക് തരുന്ന യാതൊന്നിനും നമുക്ക് ഒരു അർഹതയുമില്ല; കുറെ നാളത്തേക്ക് ഉപയോഗിക്കുവാൻ അവൻ തരുന്നു എന്നു മാത്രം. വാസ്തവത്തിലുള്ള ഉറവിടം ദൈവമാണെന്ന് തിരിച്ചറിഞ്ഞ്, നന്ദി ചെലുത്തി, അനുഗ്രഹങ്ങൾ ദൈവമഹത്വത്തിനും അവന്റെ ഉദ്ദേശത്തിനുമായി ഉപയോഗിച്ചില്ലെങ്കിൽ, നാം ആവശ്യമില്ലാത്ത കാര്യങ്ങൾക്കുപോലും ശഠിച്ചുകൊിരിക്കും. കാര്യങ്ങൾ വഷളാക്കുവാൻ, നാം ചോദിക്കുന്നതു നൽകാതിരിക്കുന്നതിന് ദൈവത്തെ പഴിക്കുകയും ചെയ്യും. അത് ദൈവമുമ്പാകെ നമ്മെ അവിശ്വസ്തരാക്കുകയും നാം ആഗ്രഹിക്കുന്നതു ലഭിക്കുവാൻ മറ്റു ഉറവിടങ്ങൾ തേടുകയും ചെയ്യും. യെഹൂദ്യ ജനം തങ്ങൾ ആഗ്രഹിക്കുന്നത് ലഭിക്കേിന് മിസ്രയിമ്യരേയും, ഏദോമ്യരേയും സമീപിച്ചു.

(2) *നിങ്ങളുടെ പ്രവൃത്തികൾക്ക് ദൈവമുൻപാകെ കണക്കുകൊടുക്കണം.* യെഹൂദ്യയുടെ കുഴപ്പങ്ങളുടെ കാരണം യിരെമ്യാവ് വിലാപങ്ങളുടെ പുസ്തകത്തിലുടനീളം ആവർത്തിക്കുന്നു്: “അവളുടെ അതിക്രമബാഹുല്യം നിമിത്തം യഹോവ അവൾക്ക് സങ്കടം വരുത്തി” (1:5); “യെരുശലേം കഠിനപാപം ചെയ്തിരിക്കകൊ് അവൾ കഠിനയായിതീർന്നു” (1:8); “അവളുടെ മലിനത ഉടുപ്പിന്റെ വിളുമ്പിൽ കാണുന്നു; അവൾ ഭാവികാലം ഓർത്തില്ല; അതുകൊ് അവൾ അതിശയമാംവണ്ണം വീണുപോയി” (1:9); “നിന്റെ സഭയിൽ പ്രവേശിക്കരുതെന്ന് നീ കല്പിച്ച ജാതികൾ ധജെൻടൈൽസ്പ അവളുടെ വിശുദ്ധമന്ദിരത്തിൽ കടന്നത് അവൾ കുവല്ലൊ” (1:10).

“കഴിഞ്ഞുപോയതിനെ ദൈവം വീും അന്വേഷിക്കുന്നു” (എൻഐവി) എന്നാണ് സഭാപ്രസംഗി 3:15 ന്റെ അവസാനഭാഗത്ത് പറയുന്നത്. ലൈംഗികപാപങ്ങളെ സൂചിപ്പിച്ച് 1 തെസലൊനിക്യർ 4:6 വെളിപ്പെടുത്തുന്നത് “ഞങ്ങൾ നിങ്ങളോട് മുമ്പെ പറഞ്ഞതുപോലെ ഈ വകെക്കൊക്കെയും പ്രതികാരം കൊടുക്കുന്നവൻ കർത്താവല്ലൊ” എന്നാണ്. ആ വേദഭാഗത്തിന്റെ അവസാനം ദൈവത്തെ കുറിച്ചുള്ള ഒരു സത്യം വ്യക്തമാക്കുന്നു: അനന്തരഫലങ്ങളെ അവൻ എപ്പോഴും മുന്നറിയിക്കയും ദൈവത്തിലേക്ക് മടങ്ങിവരുവാൻ ആഹ്വാനം ചെയ്യുകയുമുായിട്ടു്. യെഹൂദ്യയെയും യെരുശലേമിനേയും അവരുടെ അവിശ്വസ്തതയുടെ അനന്തരഫലങ്ങളെ ആവർത്തിച്ചാവർത്തിച്ച് ദൈവം മുന്നറിയിച്ചിരുന്നു. അവർ ദൈവത്തിന്റെ വക്താക്കൾ പറയുന്നത് കേൾക്കുന്നതിനു പകരം, അവർ പ്രവാചകന്മാരെ ഇല്ലാതാക്കുവാനാണ് ശ്രമിച്ചത്.

നോഹയുടെ കാലത്ത് ദൈവം 120 വർഷം ദീർഘക്ഷമയോടെ കാത്തിരുന്നു (ഉല്പത്തി 6:3), അതേ സമയം നോഹ നീതി പ്രസംഗിച്ചുകൊിരുന്നു (2 പത്രൊസ് 2:5). അവസാനം കഠിനഹൃദയരായ ആളുകളുടെ ധിക്കാരപരമായ മൽസരം മുതിർന്നുവന്നപ്പോൾ, ദൈവം ലോകത്തിൽ ന്യായവിധി നടത്തി.

ദൈവത്തിന്റെ വിധി എപ്പോഴും ന്യായമുള്ളതായിരിക്കും (പ്രവൃത്തികൾ 17:31), അതിനർത്ഥം, അവന്റെ വിധി ആളുകളുടെ പാപങ്ങൾക്ക് ഒത്തവണ്ണമായിരിക്കും എന്നത്രെ. യെഹൂദ്യരെ വിധിച്ചത് കഠിനമായിപോയി എന്ന് നിങ്ങൾ വിചാരിക്കുന്നു എങ്കിൽ, നിങ്ങൾ വീും അവർ ചെയ്ത പാപത്തിന്റെ ഗൗരവത്തെ തിരിച്ചറിയണം. ആളുകൾ തങ്ങളുടെ അതിക്രമങ്ങളുടെ ഗൗരവത്തെ കണക്കുകൊടുക്കുന്ന സമയംവരെ തിരിച്ചറിയുന്നില്ല എന്നതാണ് വാസ്തവം.

ദൈവമുൻപാകെ കണക്കുകൊടുക്കൽ സ്വീകരിക്കുക എന്നാൽ മോശമായ തിരഞ്ഞെടുപ്പിന് അനന്തരഫലമുണ്ടെന്ന് സമ്മതിക്കുകയാണ്. ആ അറിവ് നല്ല തിരഞ്ഞെടുപ്പു നടത്തുവാൻ നമ്മെ സഹായിക്കുന്നു. കണക്കുകൊടുക്കണമെന്നു പറയുമ്പോൾ, നാം മോശമായ തിരഞ്ഞെടുപ്പ് നടത്തിയാൽ, തെറ്റുകൾ സമ്മതിച്ച് കർത്താവിന്റെ മുൻപിൽ തന്നെത്താൻ താഴ്ത്തി പാപക്ഷമാണം നടത്തണം എന്നർത്ഥം.

(3) *മറ്റുള്ളവരിൽ നിങ്ങൾ ചെലുത്തുന്ന സ്വാധീനത്തിനുള്ള ഉത്തരവാദിത്തം സ്വീകരിക്കുക.* നിങ്ങൾക്ക് മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുവാൻ കഴിയും. നല്ല തിരഞ്ഞെടുപ്പു നടത്തുവാൻ നാം മറ്റുള്ളവരെ സ്വാധീനിക്കുമ്പോൾ, നാം ആളുകളെ ഉയർന്ന വഴിയിൽ നമ്മോടുകൂടെ നടക്കുവാൻ സഹായിക്കുകയാണ്. താഴ്ന്ന വഴി തിരഞ്ഞെടുക്കുമ്പോഴും നാം തനിച്ചായിരിക്കയില്ല. നമ്മോടുകൂടെ നടക്കുവാൻ നാം മറ്റുള്ളവരേയും സ്വാധീനിക്കും, അവരെ ആയിരിക്കും നാം കൂടുതൽ ഇഷ്ടപ്പെടുക. നമ്മുടെ പ്രവൃത്തികളാൽ ഏറ്റവും അധികം സ്വാധീനിക്കപ്പെടുന്നത് നമ്മുടെ കുട്ടികളായിരിക്കും.

ബാബേൽ യെഹൂദ്യയെ പിടിച്ചടക്കിയപ്പോൾ, മരിച്ചവർ ഭാഗ്യവാന്മാരായിരുന്നുവെങ്കിലും, യിരെമ്യാവിന് കൈകാര്യം ചെയ്യേി വന്ന ബുദ്ധിമുട്ടുള്ള അനന്തരഫലമായിരുന്നു ശിശുഹത്യ. മറ്റുള്ള കുട്ടികളെ അവരുടെ മാതാപിതാക്കളുടെ കയ്യിൽനിന്നു പിടിച്ചു പറിച്ച്, അടിമകളായി വിറ്റു. ചിലരെ മാനഭംഗപ്പെടുത്തുകയും, ദുരുപയോഗം ചെയ്യുകയുമുായി. മാതാപിതാക്കളുടെ മൽസരം നിമിത്തം അവരുടെ നിരപരാധികളായ കുട്ടികൾ കഷ്ടപ്പെട്ടു.

നമ്മുടെ പാപങ്ങളുടെ കഠിനമായ അനന്തരഫലമാണ്, കുട്ടികളുടെ കഷ്ടത, നമ്മുടെ സ്വന്ത മക്കളുടെ കഷ്ടത. നിങ്ങളുടെ മക്കൾക്ക് ദൈവഭക്തി എന്ന പൈതൃകം നൽകുക. നിങ്ങളുടെ ജീവിതത്താലും ഉപദേശത്താലും അവരെ ദൈവത്തിന് പരിചയപ്പെടുത്തുക. ദൈവത്തെ അറിയുവാനുള്ള അവസരം അവർക്ക് നൽകുക. വെള്ളിക്കും പൊന്നിനും അതീതമായി വിലയുള്ള അവകാശം അവർക്ക് നൽകുക. അവർക്ക് ഒരു സൽപ്പേർ നൽകുക (സദൃശവാക്യങ്ങൾ 22:1; സഭാപ്രസംഗി 7:1). അവർക്കായി നീതിയുടെ വഴി ഒരുക്കുക. കലങ്ങിയ വെള്ളത്തെ മറി കടക്കുവാൻ അവർക്കായി പാലം പണിയുക.

നിങ്ങൾക്ക് ഒരു തിരഞ്ഞെടുപ്പ് നൽകിയിട്ട്, ഇപ്പോഴും അത് പ്രായോഗികമാക്കുവാൻ സമയമു്. അധികം വൈകുന്നതിനുമുൻപ് കർത്താവിലേക്ക് തിരിയുക.

---

## വിധവയുടെ ദുർഘടാവസ്ഥ

വിധവമാർക്ക് പ്രത്യേകിച്ച് കുടുംബമില്ലാത്തവർക്ക് ദൈവം പ്രത്യേക കരുതലും, നൽകലും വെച്ചിട്ടു്. നയീൻ പട്ടണത്തിൽനിന്നു വരുമ്പോൾ, യേശു അവിടെ വെച്ച് ഒരു വിധവയെ ക് അവളോട് മനസലിവ് കാണിക്കുന്നു്. മരിച്ചുപോയ തന്റെ മകനെ അവൾ അടുക്കുവാൻ കൊുപോകയായിരുന്നു. യേശു അവളോട്, "കരയേ" എന്നു പറഞ്ഞു. മരിച്ചവനോട് എഴുന്നേൽക്ക എന്നു യേശു പറഞ്ഞപ്പോൾ, ബാലൻ ശവമഞ്ചത്തിൽ എഴുന്നേറ്റിരുന്നു സംസാരിക്കുവാൻ തുടങ്ങി. യേശു അവനെ തന്റെ അമ്മക്ക് ഏല്പിച്ചുകൊടുത്തു (ലൂക്കൊസ് 7:11-15). ഈ ഉപദേശ മാതൃകക്കു പുറമെ, അനാഥരെയും

വിധവമാരെയും കരുതിക്കൊള്ളുവാൻ ആദ്യസഭയോട് ഉപദേശിച്ചിരുന്നു (പ്രവൃത്തികൾ 6; 1 തിമൊഥെയൊസ് 5:3–16; യാക്കൊബ് 1:27).

മക്കളില്ലാത്ത വിധവമാരുടെ ഏറ്റവും വലിയ ദുർഘടാവസ്ഥ വിവരിക്കുന്നതാണ് മോവാബ്യസ്ത്രീയായിരുന്ന രൂത്തിന്റേയും അവളുടെ അമ്മായി-അമ്മ-ആയിരുന്ന യെഹൂദ സ്ത്രീ നവോമിയുടേയും. അവളുടെ വിശ്വസ്തതനിമിത്തം ദൈവം രൂത്തിനെ അനുഗ്രഹിച്ചു, അവൾ നവോമിയോട് വലിയ സ്നേഹവും സമർപ്പണവും പ്രദർശിപ്പിച്ചു (രൂത്തിന്റെ പുസ്തകം നോക്കുക).

യെഹൂദാചാരത്തിൽ, ഭർത്താവും മക്കളും നഷ്ടപ്പെട്ട വിധവമാരോട് ഏറ്റവുമധികം ദയവ് പ്രകടിപ്പിച്ചിരുന്നു. ഭർത്താവില്ലെങ്കിൽ, അവൾക്ക് ഉപജീവനമാർഗമില്ല. മക്കളില്ലെങ്കിൽ, അവൾക്ക് അവകാശവുമില്ല:അതുകൊ്, അവൾ സാമ്പത്തികമായി പാപ്പരായിരുന്നു. എല്ലാം നഷ്ടപ്പെട്ട ഒരു വിധവയുടെ ദുഃഖം വളരെ വലുതായിരുന്നു. അതുകൊാണ്, യിരെമ്യാവ് യെരുശലേമിന്റെ പരിതാപകരമായ അവസ്ഥയെ കാണിക്കുന്നതിന്, ശൂന്യമാക്കപ്പെട്ട് വിലപിക്കുന്ന ഒരു വിധവയുടെ ചിത്രീകരണം ഉപയോഗിച്ചത്. “ജനപൂർണ്ണയായിരുന്ന നഗരം ഏകാന്തയായിരിക്കുന്നതെങ്ങനെ? അവൾ വിധവയെപോലെ ആയതെങ്ങനെ. ...” (വിലാപങ്ങൾ 1:1).